## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1631

05.12.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണ ധനസഹായം

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

(എ) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായം ജില്ലകളിൽ വിതരണം ചെയ്തതിന്റെ വിശദാംശം അറിയിക്കാമോ ;

(എ) ഓരോ ജില്ലയിലേക്കും ഭവന പദ്ധതിക്ക് വേണ്ടി അനുവദിച്ച തുക വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

| ജില്ലയുടെ പേര് | 2013-14 | 2014-15 |
|---|---|---|
| തിരുവനന്തപുരം | 136 ലക്ഷം | 20 ലക്ഷം |
| കൊല്ലം | 112 ലക്ഷം | 20 ലക്ഷം |
| പത്തനംതിട്ട | 48 ലക്ഷം | 8 ലക്ഷം |
| ആലപ്പുഴ | 104 ലക്ഷം | 36 ലക്ഷം |
| കോട്ടയം | 60 ലക്ഷം | 20 ലക്ഷം |
| ഇടുക്കി | 100 ലക്ഷം | 40 ലക്ഷം |
| എറണാകുളം | 110 ലക്ഷം | 26 ലക്ഷം |
| തൃശൂർ | 124 ലക്ഷം | 20 ലക്ഷം |
| പാലക്കാട് | 88 ലക്ഷം | 36 ലക്ഷം |
| മലപ്പുറം | 408 ലക്ഷം | 80 ലക്ഷം |
| കോഴിക്കോട് | 214 ലക്ഷം | 48 ലക്ഷം |
| വയനാട് | 180 ലക്ഷം | 46 ലക്ഷം |
| കണ്ണൂർ | 112 ലക്ഷം | 62 ലക്ഷം |
| കാസർഗോഡ് | 104 ലക്ഷം | 36 ലക്ഷം |
| ആകെ | 1900 ലക്ഷം | 498 ലക്ഷം |

| | | | |
|---|---|---|---|
| | | | 2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/ വിവാഹബന്ധം വേർപ്പെടുത്തിയവർക്കുമായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലേക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും 14 ജില്ലകളിലായി 950 വീടുകൾ ടി വിഭാഗത്തിനായി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/ വിവാഹബന്ധം വേർപെടുത്തിയവർക്കും/ ഉപേക്ഷിക്കപ്പെട്ടവർക്കുമായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 14 ജില്ലകളിലായി 249 വീടുകൾ അനുവദിച്ചിട്ടിട്ടുണ്ട്. |
| (ബി) | ധന സഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ ? | (ബി) | നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി വർദ്ധിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ